# സെഷൻ 7
# കോവിഡ് 19: പ്രതിരോധ പ്രവർത്തനങ്ങൾ പ്രവർത്തന സഹായി

## സന്നദ്ധ പ്രവർത്തകർ : പ്രവർത്തന മേഖലകളും, ചുമതലകളും

തദ്ദേശ സ്വയംഭരണ വകുപ്പ്

KERALA INSTITUTE OF LOCAL ADMINISTRATION

30.03.2020

# സന്നദ്ധ പ്രവർത്തകരുടെ കർത്തവ്യങ്ങൾ

**രോഗവ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക എന്നതാണ് സന്നദ്ധ പ്രവർത്തകരുടെ പ്രധാന ചുമതല**

**സേവനങ്ങൾ ആവശ്യമുള്ള മേഖലകൾ :**

1. രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ
2. കോവിഡ്– 19 നിരീക്ഷണത്തിൽ (ക്വാറന്റയിനിൽ) കഴിയുന്നവർക്കുള്ള സേവനങ്ങളിൽ
3. പ്രത്യേക പരിഗണന വേണ്ട വിഭാഗങ്ങൾക്കുള്ള സേവനങ്ങൾ നൽകുന്നതിൽ
4. അതിഥി തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ സജ്ജമാക്കുന്നതിൽ
5. പൊതുജന ബോധവൽക്കരണം
6. പൊതു സമൂഹത്തിന് വേണ്ടി ഉറപ്പാക്കേണ്ട സേവനങ്ങൾ

**മേൽപ്പറഞ്ഞ മേഖലകളിൽ ചുമതലപ്പെട്ടവരോടൊപ്പം ആവശ്യാനുസരണം പ്രവർത്തിക്കുക**

# രോഗ പ്രതിരോധ പ്രവർത്തനങ്ങൾ- ഏതെല്ലാം?

- വ്യക്തി ശുചിത്വം, ശാരീരിക അകലം, ഇവ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- അതിനായുള്ള ബോധവൽക്കരണം നടത്തുക
- കൈ കഴുകുന്നതിനുള്ള ബൂത്തുകൾ സജ്ജമാക്കുക
- പൊതു സ്ഥാപനങ്ങളിൽ അണുബാധ ഉണ്ടാകാതിരിക്കാനുള്ള സജീകരണങ്ങൾ
- നിരീക്ഷണത്തിൽ (ക്വാറന്റയിനിൽ) കഴിയുന്നവർ എല്ലാ നിബന്ധനകളും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക

**മേൽപ്പറഞ്ഞ രംഗങ്ങളിൽ ചുമതലപ്പെട്ടവരോടൊപ്പം ആവശ്യാനുശരണം പ്രവർത്തിക്കുക**

# കോവിഡ്– 19 നിരീക്ഷണത്തിൽ (ക്വാറൻറയിനിൽ) കഴിയുന്നവർക്കുള്ള സേവനങ്ങൾ– ഏതെല്ലാം?

- കോവിഡ്– 19 നിരീക്ഷണത്തിലുള്ളവർ നിരീക്ഷണ കാലാവധി പൂർത്തീകരിക്കുന്നോ എന്ന് ഉറപ്പ് വരുത്തുക
- നിരീക്ഷണത്തിൽ കഴിയുന്നവർക്ക് ഭക്ഷണവും, മരുന്നും വേണ്ടപ്പെട്ട മറ്റു സഹായങ്ങളും എത്തിച്ചു കൊടുക്കുക.
- നിരീക്ഷണ കാലഘട്ടത്തിൽ സാമൂഹികവും മാനസികവുമായ ഒറ്റപ്പെടലുകളെ അതിജീവിക്കാൻ വിനോദ വിജ്ഞാന സാമഗ്രികൾ എത്തിച്ചു കൊടുക്കുക.
- കൌൺസലിംഗ് നൽകുക/ സംവിധാനം ഉറപ്പു വരുത്തുക
- നിരീക്ഷണത്തിൽ ആയ രോഗികൾക്ക് എന്തെങ്കിലും രോഗലക്ഷണങ്ങൾ കണ്ടാൽ ആരോഗ്യ വകുപ്പിനെ അറിയിച്ച് ഹോസ്പിറ്റലിൽ എത്തിക്കാനുള്ള ക്രമീകരണങ്ങൾ ചെയ്യുക

**മേൽപ്പറഞ്ഞ രംഗങ്ങളിൽ ചുമതലപ്പെട്ടവരോടൊപ്പം ആവശ്യാനുശരണം പ്രവർത്തിക്കുക**

# ക്വാറന്റയിൻ കമ്മ്യൂണിറ്റി സെന്ററുകൾ– ഇവയോടനുബന്ധിച്ച സേവനങ്ങൾ ഏതെല്ലാം?

വീട്ടുകളിൽ ക്വാറന്റയിനില് കഴിയുന്നതിന് സ്ഥല പരിമിതി ഉള്ളവർക്കായാണ്

**ക്വാറന്റയിൻ കമ്മ്യൂണിറ്റി സെന്ററുകൾ**

ഇവയിൽ

- ആവശ്യമായ എല്ലാ സഹായങ്ങളും എത്തിച്ച കൊടുക്കക
- ശുചിത്വം പാലിക്കക
- അന്തേവാസികളുടെ:
  - പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം
  - വേണ്ടപ്പെട്ട മരുന്നുകൾ,
  - വിനോദ വിജ്ഞാന സാമഗ്രികൾ
  - മറ്റു അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കക

**മേൽപ്പറഞ്ഞ രംഗങ്ങളിൽ ചുമതലപ്പെട്ടവരോടൊപ്പം ആവശ്യാനുശരണം പ്രവർത്തിക്കുക**

# പ്രത്യേക പരിഗണന വേണ്ട ജനവിഭാഗങ്ങൾക്കുള്ള സേവനങ്ങൾ എന്തെല്ലാം?

- പ്രാഥമിക ആവശ്യങ്ങളായ
  - ഭക്ഷണം
  - മരുന്നുകൾ
  - വിനോദ വിജ്ഞാന സാമഗ്രികൾ
  - മറ്റു അടിസ്ഥാന സൌകര്യങ്ങൾ

**ഉറപ്പുവരുത്തുക**

- ജീവിത ശൈലി രോഗങ്ങൾ ഉള്ളവർക്കും, സ്ഥിര ചികിത്സ ആവശ്യമുള്ളവർക്കും
  - മരുന്ന്
  - റെഗുലർ ചെക്കപ്പിന് വേണ്ട സൌകര്യങ്ങൾ

**ഒരുക്കുക**

**മേൽപ്പറഞ്ഞ രംഗങ്ങളിൽ ചുമതലപ്പെട്ടവരോടൊപ്പം ആവശ്യാനുശരണം പ്രവർത്തിക്കുക**

# അതിഥി തൊഴിലാളികൾക്ക് ആവശ്യമായ സഹായങ്ങൾ ഏതെല്ലാം?

- അതിഥി തൊഴിലാളികളുമായി അവരുടെ മാതൃ ഭാഷയിൽ (ഹിന്ദി/ ബെൻഗാളി/ആസ്സാമീസ് മുതലായവയിൽ) ആശയവിനിമയം നടത്തുക
- അവരുടെ ക്ഷേമത്തിനായി കേരള സർക്കാർ ഉദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ അവരെ പറഞ്ഞു ബോധിപ്പിക്കുക
- സമൂഹ മാധ്യമങ്ങളിൽ നിന്നും അവർക്ക് ലഭിക്കാൻ സാധ്യതയുള്ള നുണ പ്രചരണങ്ങളുടെ സത്യാവസ്ഥ അവരെ ബോധ്യപ്പെടുത്തുക
- അതിഥി തൊഴിലാളികൾക്ക് വേണ്ട താമസ സൗകര്യം ഒരുക്കുക
- അതിഥി തൊഴിലാളികൾക്ക് ഭക്ഷണം, മരുന്ന് മുതലായവ ഉറപ്പാക്കുക
- അതിഥി തൊഴിലാളികൾക്ക് കൌൺസിലിംഗ് സേവനങ്ങൾ ഉറപ്പാക്കുക

**മേൽപ്പറഞ്ഞ ആവശ്യങ്ങളിൽ ചുമതലപ്പെട്ടവരോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുക**

# പൊതു സമൂഹത്തിന് വേണ്ടി ഉറപ്പാക്കേണ്ട സേവനങ്ങൾ ഏതെല്ലാം?

- വൈറസ്സിന്റെ വ്യാപന രീതി തിരിച്ചറിഞ്ഞു അതിനെ പ്രതിരോധിക്കാനുള്ള അവബോധം ജനങ്ങളിൽ ഉണ്ടാക്കുക
- ഇങ്ങനെയൊരു പ്രത്യേക കാലഘട്ടത്തിൽ പൊതുജനങ്ങൾ പാലിക്കേണ്ട മര്യാദകളെ കുറിച്ച് അവരെ ബോധവൽക്കരിക്കുക
- തെറ്റായ വാർത്തകളും ജനങ്ങളിൽ ഭീതി ഉളവാക്കുന്നതുമായ വിവരങ്ങൾ പ്രചരിപ്പിക്കാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക
- സ്വയം രോഗ പ്രതിരോധ മുറകളിൽ പങ്കാളിയാവുക

# സന്നദ്ധ പ്രവർത്തകരുടെ പ്രവർത്തന രീതി

**സന്നദ്ധ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ panchayat/വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി ക്രമീകരിക്കപ്പെട്ടിരിക്കും**

- ഓരോരുത്തർക്കുള്ള ഉത്തരവാദിത്വങ്ങൾ, പ്രദേശം, ദിവസം, ഡ്യൂട്ടി മുതലായവ നിർണയിച്ച് നല്കപ്പെട്ടിരിക്കും
- തദ്ദേശ സ്വയംഭരണ സ്ഥാപനവും സർക്കാരും തരുന്ന മാർഗ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ പ്രവർത്തിക്കാവൂ
- ഇതിന് അനുസൃതമായി മാത്രമായിരിക്കും പാസ്സുകൾ ലഭിക്കുക
- അനിവാര്യമായ എണ്ണം പാസുകള് മാത്രമായിരിക്കും സന്നദ്ധ പ്രവർത്തകർക്ക് ലഭ്യമാവുക
- സന്നദ്ധ പ്രവർത്തകർക്ക് മുകളിൽ സൂചിപ്പിച്ച പ്രകാരം

  **പ്രദേശം, ദിവസം, സമയം, ഡ്യൂട്ടി, സ്വഭാവം എന്നിവയ്ക്ക് അനുസൃതമായിരിക്കും പാസുകൾ ലഭ്യമാവുക**

- ഈ പാസ് മറ്റൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടുള്ളതല്ല

# സന്നദ്ധ പ്രവർത്തകർ പാലിക്കേണ്ട നിബന്ധനകൾ: സ്വയ രക്ഷ

- വൈറസ് കാരിയർ/വാഹകൻ ആവരുത്
- വ്യക്തി ശുചിത്വം പാലിക്കുക
- ഇടപെടുന്ന വ്യക്തികളുമായി ശാരീരിക അകലം പാലിക്കുക
- മൊബൈൽ ഫോൺ ഉപയോഗിക്കുന്ന വാഹനത്തിന്റെ താക്കോൽ മറ്റൊരാൾക്ക് നൽകരുത്

# സാമൂഹ്യ നിബന്ധനകൾ



- രോഗിയെ സംബന്ധിച്ചോ ചികിത്സയെ സംബന്ധിച്ചോ ഉള്ള കാര്യങ്ങൾ പൊതു സമൂഹത്തിന് വെളിപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുക
- പൊതുജനത്തിന് ഭയമോ സംഘർഷമോ ഉണ്ടാകുന്ന രീതിയിൽ ഇടപെടലുകൾ ഉണ്ടാകാൻ പാടില്ല
- പൊതുജനത്തിന്റെ ആവശ്യങ്ങളും പരാതികളും സഹിഷ്ണതയോടെ ശ്രവിച്ച് സമാധാനത്തോടെ വിശദീകരണങ്ങൾ നൽകുക

# അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

- സ്വീകരിക്കേണ്ട ശുചിത്വ മുറകൾ
- സ്വീകരിക്കേണ്ട സുരക്ഷ മുറകൾ
- മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിക്കേണ്ട രീതി
- വേണ്ടപ്പെട്ട വിവരങ്ങളുടെ കൃത്യമായ ഡോക്യുമെന്റേഷന്റെ രീതി
- കോവിഡ് പടരുന്ന രീതിയും വ്യാപനവും



# കൈയ്യിൽ ഉണ്ടാകേണ്ട വിവരങ്ങൾ



1. തദ്ദേശ സ്വയംഭരണ തലത്തിലെ ചുമതലപ്പെട്ട contact ഡീറ്റെയിൽസ്
2. സേവനം നടത്തേണ്ട പ്രദേശത്തെ സേവന അവകാശികളുടെ വിശദാംശങ്ങൾ
3. ആശുപത്രി, ആംബുലൻസ്, ഫയർ ഫോഴ്സ് എന്നിവരുടെ contact ഡീറ്റെയിൽസ്
4. ഭക്ഷ്യ -മരുന്ന - ആവശ്യ സാധങ്ങളുടെ ലഭ്യതയും വിതരണവും സംബന്ധിച്ച്



KILA Help Desk
0487-2455000
0487-2204097
helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

# KERALA INSTITUTE OF LOCAL ADMINISTRATION

Website : www.kila.ac.in, Email : info@kila.ac.in